**25803962**

(Pages : 3)

Reg. No.................................

Name.....................................

# FIVE YEAR B.A., LL.B. (HONOURS)/B.Com. LL.B. (HONOURS) DEGREE EXAMINATION, OCTOBER 2025

## Fourth Semester

## FM 1—Additional Language

## Paper I—MALAYALAM

(2023 Admissions—Regular/2018 to 2022 Admissions—Supplementary)

Time : Three Hours

Maximum Marks : 75

### എ വിഭാഗം

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കുമാരനാശാൻ ദൈവതുല്യം ആരാധിക്കുന്ന വ്യക്തിയാണ് ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ കൃതിയാണ് ആത്മോപദേശ ശതകം. വിവേകോദയത്തിന്റെ പ്രഥമലക്കം മുതൽ അതിനെഴുതിത്തുടങ്ങിയ വ്യാഖ്യാനത്തിൽ ദുരവഗാഹത സ്വാമിയുടെ രചനകളുടെ പൊതുസ്വഭാവമാണെന്നു പറയാൻ ആശാന് ഒട്ടും അറപ്പില്ല. നിർമലവും നിഷ്പക്ഷവുമാണ് ആശാന്റെ നിരൂപണ മനോഭാവമെന്നു ചുരുക്കം. ഭാഷ ശുദ്ധ മലയാളവും രചന അതിമനോഹരവുമാണെങ്കിലും അർഥഗ്രഹണത്തിലുള്ള ദുരവഗാഹതയിൽ സ്വാമിയുടെ ഇതരകൃതികൾ എന്ന പോലെ ഈ ശതകവും മുക്തമല്ല. മഹാകവി വള്ളത്തോളിന്റെ ചിത്രയോഗം മഹാകാവ്യത്തെപ്പറ്റി ആശാൻ എഴുതിയ നിരൂപ്ണം (1915 ഒക്ടോബർ) വളരെ ഒച്ചപ്പാടുണ്ടാക്കി. അതു വിദ്വേഷാധിഷ്ഠിതമാണെന്ന ധാരണയും ചിലർ പരത്തി. എന്നാൽ ചിത്രയോഗ നിരൂപണത്തിനു മുൻപ് തന്നെ പുറപ്പെട്ട പന്തളത്തു തമ്പുരാന്റെ 'രുഗ്മാംഗദചരിതം' മഹാകാവ്യത്തിനും (1913 സെപ്റ്റംബർ) ഉള്ളൂരിന്റെ ഉമാകേരളം (1914 ജനുവരി) മഹാകാവ്യത്തിനും ഓരോ നിരൂപണങ്ങൾ ആശാൻ പ്രസിദ്ധം ചെയ്തിരുന്നു. രണ്ടു മഹാകവികളും ആശാന്റെ ആത്മമിത്രങ്ങൾ. ഈ നിരൂപണങ്ങളിലാണ് ആശാൻ മഹാകാവ്യ പ്രവണതയെ എതിർത്ത് തകർത്തത്. കലപ്പയുടെയും ഉലക്കയുടെയും അകത്തു കൂടിയൊക്കെ കവിത പോകുന്നതു കണ്ടാൽ പലർക്കും അത്ഭുതവും കൗതുകവുമാണ് തോന്നുക എന്നാണ് രുഗ്മാംഗദ ചരിത്ര നിരൂപണത്തിൽ അനുകരണ വാസനയെ ആശാൻ അപഹസിച്ചത്. ഉമാകേരളം നിരൂപണത്തിലും ആശാൻ അനുകരണ മനോഭാവത്തെ പൂർവാധികം ശക്തിയോടെ പുച്ഛിച്ചു തള്ളി.

Turn over

1. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം തയ്യാറാക്കുക.
2. ചിത്രയോഗം മഹാകാവ്യം ആരുടെ കൃതിയാണ് ?
3. രുഗ്മാംഗദചരിതം ആരുടെ കൃതിയാണ് ?
4. കുമാരനാശാൻ മഹാകാവ്യപ്രവണതയെ എതിർത്ത കവിയാണ്. ഈ പ്രസ്താവന ശരിയോ, തെറ്റോ ?
5. ആത്മോപദേശ ശതകം ആരുടെ കാവ്യമാണ് ?

(5 × 1 = 5 marks)

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.

(a) സാക്ഷരതാ പ്രസ്ഥാനം. (b) നവമാധ്യമങ്ങൾ.

(1 × 10 = 10 marks)

III. നഗരത്തിലെ ഗതാഗതകുരുക്കിന് പരിഹാരം നിർദ്ദേശിക്കുന്നതിലേക്കായി ബഹു. ഗതാഗത വകുപ്പ് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.

(1 × 10 = 10 marks)

## ബി വിഭാഗം

IV. അർത്ഥവ്യത്യാസം എഴുതുക.

(a) വാട്ടം – വട്ടം.

(b) ശബളം – ശലഭം.

(2 × 1 = 2 marks)

V. വാക്യശുദ്ധി വരുത്തുക.

(a) രാമു പരീക്ഷയിൽ തോറ്റു പോകാൻ കാരണം അലസത കൊണ്ടാണ്.

(b) കുട്ടികൾ മുതൽ മുതിർന്നവരെ ആബാലവൃദ്ധം ജനങ്ങളെയും ഞാൻ അവിടെ കണ്ടു.

(2 × 1 = 2 marks)

VI. ചിഹ്നങ്ങൾ നൽകുക.

അയ്യോ ഞാൻ പറഞ്ഞു അപ്പോൾ അയാൾ എന്നോട് പറഞ്ഞു ഞാൻ പറഞ്ഞതൊക്കെ ശരിയായ കാര്യമാണ് എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല എന്നാലും ഞാൻ മനസ്സിൽ ചോദിച്ചു അങ്ങനെയാണോ

(2 × 1 = 2 marks)

VII. ഭിത്തിക, ഉദ്ധരണി, വലയം എന്നിവ ഉദാഹരണസഹിതം എഴുതുക.

(2 × 1 = 2 marks)

VIII. ചൂർണ്ണിക എന്നാലെന്ത് ? ഉദാഹരണസഹിതം എഴുതുക. (2 × 1 = 2 marks)

IX. ആഖ്യാനം, അനാഖ്യാനം എന്നാലെന്ത് ? (2 × 1 = 2 marks)

X. മലയാള അക്കത്തിലെഴുതുക.

(a) 874. (b) 345.

(c) 693. (d) 489.

(4 × 1 = 4 marks)

XI. കുറിപ്പെഴുതുക.

(a) ഔദ്യോഗിക കത്തുകൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

(b) കൃഷ്ണഗാഥയിലെ അലങ്കാരങ്ങളെ പരിചയപ്പെടുത്തുക.

(c) സന്ധി എന്നാലെന്ത് ? പ്രധാനപ്പെട്ട സന്ധികളെ ഉദാഹരണസഹിതം പരിചയപ്പെടുത്തുക.

(3 × 3 = 9 marks)

## സി വിഭാഗം

XII. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

(a) ഗാഥാപ്രസ്ഥാനത്തിലെ പ്രഥമഗണനീയമായ കൃതിയാണ് കൃഷ്ണഗാഥ–വിലയിരുത്തുക.

(b) ഡോ. എം. ലീലാവതിയുടെ സാഹിത്യ സംഭാവനകൾ പരിചയപ്പെടുത്തുക.

(c) നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യ വിമർശനമാണ് നമ്പ്യാർക്കവിത – വിലയിരുത്തുക.

(d) സ്ത്രീമനസ്സിന്റെ ലൗകികത്വമാണ് രാച്ചിയമ്മ എന്ന കഥയിൽ പ്രകടമാകുന്നത് – വിവരിക്കുക.

(e) കാർഷിക സംസ്കാരത്തിന്റെ ചിത്രീകരണമാണ് കൃഷിക്കാരൻ എന്ന കഥയെ വ്യത്യസ്തമാക്കുന്നത്– അഭിപ്രായം എഴുതുക.

(f) ഭാഷയുടെ പിതാവ് എന്ന നിലയിൽ എഴുത്തച്ഛനെ വിലയിരുത്തുക.

(g) തന്റെ ചുറ്റുപാടുകളിലെ ജീവിതത്തെ പകർത്തുകയായിരുന്നു ബഷീർ–പൂവമ്പഴം എന്ന കഥയെ ആസ്പദമാക്കി പഠനമെഴുതുക.

(5 × 5 = 25 marks)